REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൽ ഏഴ് ജില്ലകൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഇന്ന് വോട്ടെടുപ്പ്.
- രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്.
- ലോക്സഭയിൽ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ച ഇന്ന് ആരംഭിക്കും.
- രാജ്യത്തെ വ്യോമയാന പ്രതിസന്ധിക്ക് ഇൻഡിഗോ എയർലൈൻസ് മാത്രമാണ് ഉത്തരവാദിയെന്ന് സിവിൽ വ്യോമയാനമന്ത്രി റാം മോഹൻ നായിഡു.
- ഇന്ത്യ - ദക്ഷിണാഫ്രിക്ക അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് കട്ടക്കിൽ തുടക്കം.

## വാർത്തകൾ വിശദമായി

**തദ്ദേശ തിരഞ്ഞെടുപ്പിൽ ഏഴ് ജില്ലകൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഇന്ന് വോട്ടെടുപ്പ്.**

**തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.**

**....(വോയ്സ്)......**

✪✪✪

**ഇന്നത്തെ വോട്ടെടുപ്പിൽ ഒരു കോടി 32 ലക്ഷത്തി 83,789 വോട്ടർമാരും, 36,630 സ്ഥാനാർത്ഥികളുമുണ്ട്. 595 തദ്ദേശസ്ഥാപനങ്ങളാണ് ഈ ഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...**

**വോട്ടെടുപ്പിന് 15,432 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇവയിൽ 480 എണ്ണം പ്രശ്നബാധിത ബൂത്തുകളായി റിപ്പോർട്ട് ചെയ്തവയാണ്.**

**ഒന്നിലേറെ വോട്ട് ചെയ്യുന്നതും, ആൾമാറാട്ടം നടത്തുന്നതും ശിക്ഷാർഹമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓർമ്മിപ്പിച്ചു. ഒന്നിലധികം വോട്ടർപട്ടികയിലോ, ഒരേ വോട്ടർപട്ടികയിൽ ഒന്നിലേറെ തവണയോ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഒരു വോട്ട് മാത്രമേ ചെയ്യാവൂ എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. വോട്ടു ചെയ്യാൻ എത്താത്തവരുടെയും മരിച്ചവരുടെയും., സ്ഥലത്ത് ഇല്ലാത്തവരുടെയും വോട്ട് ആൾമാറാട്ടത്തിലൂടെ രേഖപ്പെടുത്തുന്നവർക്കെതിരെ കർശന നിയമ നടപടിയെടുക്കും. ഒരു വർഷം വരെ തടവും, പിഴശിക്ഷയും ഈ കുറ്റത്തിന് ലഭിക്കും.**

**തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിൽ നോട്ട-യോ, VV-പാറ്റോ ഇല്ലെന്ന പ്രത്യേകതയുണ്ട്. ആറു മണിക്ക് ക്യൂവിൽ നിൽക്കുന്ന വോട്ടർമാർക്ക് പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ടു നൽകുന്ന സ്ലിപ്പുകൾ നൽകും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും വോട്ടെടുപ്പ്.**

✪✪✪

**തദ്ദേശ തിരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പാക്കാൻ സമ്മതിദായകര് പൂർണമായി സഹകരിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു. കമ്മീഷൻ അംഗീകരിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖകൾ വോട്ടർമാർ കയ്യിൽ കരുതണം. വോട്ടർ തിരിച്ചറിയൽ കാർഡ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ**

**പതിച്ച SSLC സർട്ടിഫിക്കറ്റ്, ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയ ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയെല്ലാം തിരിച്ചറിയൽ രേഖയായി ഹാജരാക്കാമെന്ന് കമ്മീഷൻ അറിയിച്ചു.**

✪✪✪

**ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാവിലെ 11- ഓടെ തിരുവനന്തപുരം ജവഹർ നഗർ LP സ്കൂളിൽ വോട്ടു ചെയ്യാനെത്തും. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ പട്ടം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിലെ LP സെക്ഷനിലും, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശാസ്തമംഗലം ഗവൺമെന്റ് സ്കൂളിലും വോട്ട് ചെയ്യാനെത്തുമെന്ന് അറിയിച്ചിട്ടുണ്ട്.**

✪✪✪

**തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റി വച്ചു. കക്ഷി രഹിത സ്ഥാനാർത്ഥി ജസ്റ്റിൻ ഫ്രാൻസിസ് ആണ് ഓട്ടോ ഇടിച്ച് മരിച്ചത്. ശനിയാഴ്ച രാത്രിയായിരുന്നു അപകടം. പുതുക്കിയ തിരഞ്ഞെടുപ്പ് തീയതി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പിന്നീട് അറിയിക്കും.**

✪✪✪

**രണ്ടാംഘട്ടത്തിന്റെ പരസ്യപ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്.**

**പരസ്യ പ്രചാരണത്തിന്റെ സമാപനത്തിലെ കലാശക്കൊട്ടിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാതെ ശ്രദ്ധിക്കണമെന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അഭ്യർത്ഥിച്ചു. മാതൃകാ പെരുമാറ്റ ചട്ടവും ഹരിതച്ചട്ടവും പാലിക്കുന്നുണ്ടെന്ന് സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും ഉറപ്പുവരുത്തണമെന്നും അവർ നിർദ്ദേശിച്ചു.**

✪✪✪

**ദേശീയ കരകൗശല അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും. രാജ്യത്തിന്റെ കരകൗശല പൈതൃകം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കാനുമാണ് ടെക്സ്റ്റൈൽസ് മന്ത്രാലയം പുരസ്കാരം ഏർപ്പെടുത്തിയത്.**

✪✪✪

ലോക്സഭ ഇന്ന് തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ച ആരംഭിക്കും. രാജ്യസഭയിൽ ദേശീയഗീതം വന്ദേമാതരത്തിന്റെ 150 -ാം വാർഷികത്തോട് ബന്ധപ്പെട്ട ചർച്ചയും ഇന്നുണ്ടാകും.

✪✪✪

ദേശീയ ജനാധിപത്യ സഖ്യത്തിന്റെ പാർലമെന്ററി പാർട്ടി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. GMC ബാലയോഗി ഓഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ ലോക്സഭയിലെയും, രാജ്യസഭയിലെയും എല്ലാ NDA അംഗങ്ങളും പങ്കെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കഴിഞ്ഞമാസം 21 ന് നിലവിൽ വന്ന നാല് തൊഴിൽ കോഡുകൾ തൊഴിൽ മേഖലയിലെ 29 നിയമങ്ങൾ യുക്തിസഹമാക്കിയതായി കേന്ദ്രസഹ മന്ത്രി ശോഭ കരന്തലജെ പറഞ്ഞു. ലോക്സഭയിൽ സംഘടിത- അസംഘടിത മേഖലകളെ കുറിച്ച് നടത്തിയ ചർച്ചയ്ക്ക് രേഖാമൂലം നൽകിയ മറുപടിയിലാണ് ഇക്കാര്യം അറിയിച്ചത്.

2019-ലെ വേതന കോഡ്, 2020-ലെ വ്യവസായബന്ധ കോഡ്, 2020 ലെ സാമൂഹിക സുരക്ഷാ കോഡ്, 20 ലെ തന്നെ തൊഴിൽരക്ഷാ - ആരോഗ്യ തൊഴിലിട കോഡ് എന്നിവയാണ് ഇവയെന്ന് സഹമന്ത്രി വിശദീകരിച്ചു.

✪✪✪

PM സൂര്യഘർ മുഫ്ത് ബിജിലി യോജനയിലൂടെ 24 ലക്ഷം വീടുകളിൽ മേൽപ്പുര സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിച്ചതായി കേന്ദ്രസഹമന്ത്രി യശോനായിക് രാജ്യസഭയെ അറിയിച്ചു. അടുത്ത സാമ്പത്തിക വർഷത്തോടെ ഒരു കോടി വീടുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന്റെ 23.96 ശതമാനമാണിതെന്നും അദ്ദേഹം സഭയെ രേഖാമൂലം അറിയിച്ചു.

✪✪✪

സമീപകാലത്തെ വ്യോമയാന പ്രതിസന്ധിക്ക് ഇൻഡിഗോ എയർലൈൻസ് മാത്രമാണ് ഉത്തരവാദിയെന്ന് സിവിൽ വ്യോമയാനമന്ത്രി റാം മോഹൻ നായിഡു പറഞ്ഞു. ഇൻഡിഗോ കടമകൾ നിർവഹിക്കുന്നതിൽ പരാജപ്പെട്ടെന്ന് ദൂരദർശൻ വാർത്തകൾക്ക് നൽകിയ അഭിമുഖത്തിൽ മന്ത്രി വ്യക്തമാക്കി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

...(വോയ്സ്)....

പൈലറ്റുമാരെയും, ജീവനക്കാരെയും കൈകാര്യം ചെയ്യുന്നതിലെ ഗുരുതര പിഴവാണ് സർവീസുകൾ റദ്ദാക്കാനും, താളം തെറ്റാനും കാരണമായതെന്ന് രാം മോഹൻ നായിഡു പറഞ്ഞു.

ഗവണ്മെന്റ് നൽകിയ ഫ്ലൈറ്റ് ഡ്യൂട്ടി സമയ പരിധി മാർഗ്ഗ നിർദേശങ്ങളല്ലെന്നും, ഗവണ്മെന്റ് സമ്മർദ്ദം ഉണ്ടാക്കിയിട്ടില്ലെന്നും എല്ലാ വിമാന കമ്പനികളെയും ഒരേപോലെയാണ് പരിഗണിച്ചതെന്നും റാം മോഹൻ നായിഡു വിശദീകരിച്ചു.

നിർദ്ദേശങ്ങളിൽ ഇൻഡിഗോ യാതൊരു എതിർപ്പും ഉന്നയിച്ചിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. കാരണം കാണിക്കൽ നോട്ടീസിന് ഇൻഡിഗോ നൽകിയ മറുപടി പരിശോധിച്ച് വരികയാണെന്നും യാത്രക്കാർക്കുണ്ടായ അസൗകര്യങ്ങളിൽ കർശന നടപടി ഉണ്ടാകുമെന്നും റാം മോഹൻ നായിഡു വ്യക്തമാക്കി. ഇൻഡിഗോയുടെ രണ്ടായിരത്തി ഇരുന്നൂറ് റൂട്ടുകൾ വെട്ടിക്കുറച്ച് മറ്റ് ഓപ്പറേറ്റർമാർക്ക് നൽകാൻ തീരുമാനിച്ചതായും കേന്ദ്ര മന്ത്രി പറഞ്ഞു.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 72 ലക്ഷം പിന്നിട്ടതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 97.74 ശതമാനമാണിത്. കാസർഗോഡ്, വയനാട് ജില്ലകൾ 100 ശതമാനം ഡിജിറ്റൈസേഷനും പൂർത്തീകരിച്ചതായി അദ്ദേഹം വെളിപ്പെടുത്തി. ഈ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ജില്ലാകളക്ടർമാരെയും, BLO മാർ ഉൾപ്പെടെ ഉദ്യോഗസ്ഥരേയും ഡോ. കേൽക്കർ അഭിനന്ദിച്ചു.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 22 ലക്ഷത്തി 30,000 ത്തിലേറെയായെന്നും CEO അറിയിച്ചു. ഫോമുകൾ ഇനിയും മടക്കി നൽകാത്തവർ എത്രയും വേഗം അവ BLO മാരെ ഏല്പിക്കണമെന്നും ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ മികച്ച പബ്ലിക്കേഷൻ പ്രവർത്തനത്തിന് ഇന്ത്യൻ ടീച്ചേഴ്സ് ഓഫ് സൈക്യാട്രി അവാർഡിന് കോഴിക്കോട് മെഡിക്കൽ കോളേജിലെ സൈക്യാട്രി അസോസിയേറ്റ്

പ്രൊഫസർ ഡോ. വർഷ വിദ്യാധരൻ അർഹയായി. മികച്ച പ്രബന്ധത്തിന് ഏർപ്പെടുത്തിയ നിലോഫർ അവാർഡും ഡോ. വർഷയ്ക്കാണ്. കുട്ടികളുടേയും കൗമാരക്കാരുടേയും മാനസികാരോഗ്യ രംഗത്തെ പഠന പ്രബന്ധത്തിനാണ് അംഗീകാരം.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. പരമ്പരയിലെ ആദ്യ മത്സരത്തിൽ വൈകിട്ട് ഏഴിന് കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ ഇരു ടീമുകളും ഏറ്റുമുട്ടും. സൂര്യകുമാർ യാദവ് നയിക്കുന്ന ടീം ഇന്ത്യയിൽ, പരിക്കേറ്റ് വിശ്രമത്തിലായിരുന്ന ശുഭ്മാൻ ഗിൽ ഇന്ന് കളിച്ചേക്കും. എയ്ഡൻ മർക്രാം ക്യാപ്റ്റനായ ദക്ഷിണാഫ്രിക്കൻ ടീമിൽ ഡേവിഡ് മില്ലറും, റീസ ഹെൻഡ്രിക്സും ക്രീസിലിറങ്ങും.

ട്വന്റി-20 ക്രിക്കറ്റിൽ 31 തവണ ഇന്ത്യയും ദക്ഷിണാഫ്രിക്കയും ഏറ്റുമുട്ടിയപ്പോൾ 18 എണ്ണത്തിൽ വിജയം ഇന്ത്യയ്ക്കായിരുന്നു.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക പുരുഷ ഹോക്കി പരമ്പരയിലെ രണ്ടാം മത്സരം സമനിലയിൽ പിരിഞ്ഞു. കേപ്ടൗണിലെ ഹാർട്ട്ലി വെയ്ൽ സ്റ്റേഡിയത്തിൽ ഇരു ടീമുകളും രണ്ട് ഗോൾ വീതം നേടി. ഒരു മത്സരം ജയിച്ച് ഇന്ത്യ പരമ്പരയിൽ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

FIH ജൂനിയർ വനിതാ ഹോക്കി ലോകകപ്പിൽ ഇന്ന് ഇന്ത്യ ഉറുഗ്വേയെ നേരിടും. ചിലിയിലെ സാന്റിയാഗോയിൽ ഇന്ത്യൻ സമയം രാത്രി പത്തിന് മത്സരം ആരംഭിക്കും.

✪✪✪

അന്തരിച്ച കൊയിലാണ്ടി MLA കാനത്തിൽ ജമീലയുടെ കുടുംബത്തെ അനുശോചനം അറിയിക്കാൻ പ്രതിപക്ഷ നേതാവ് VD സതീശൻ ഇന്നലെ അത്തോളിയിലെ വീട്ടിലെത്തി. രാഷ്ട്രീയത്തിലുപരി സൗഹൃദം കാത്തു സൂക്ഷിക്കുന്ന വ്യക്തിത്വമായിരുന്നു ജമീലയുടെതെന്ന് സതീശൻ അനുസ്മരിച്ചു.

✪✪✪

ഇന്ത്യയുടെ S-400 മിസൈൽ സംവിധാനം കഴിഞ്ഞ മെയ് മാസത്തെ ഇന്ത്യ - പാക് സംഘർഷത്തിനിടെ തകർന്നുവെന്ന വിധത്തിൽ

**സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് കേന്ദ്രം വ്യക്തമാക്കി. സാമൂഹ്യമാധ്യമങ്ങളിലെ പാകിസ്ഥാൻ അക്കൗണ്ടുകളിലൂടെയാണ് വ്യാജപ്രചാരണമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക് വിഭാഗം അറിയിച്ചു.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader:  അനിൽ ചന്ദ്രൻ*
*NRTs: ശരണ്യ രാജൻ*
*DEO : ഷീബ*